പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2063 **26-10-2026-ൽ മറുപടിയ്ക്ക്**

ഗുണനിലവാരമില്ലാത്ത അരിയുടെ കടത്ത് തടയാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. റെജി ചെറിയാൻ

ശ്രീ. വർഗീസ് മാമ്മൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) ഗുണനിലവാരമുള്ള അരിയുൾപ്പടെയുള്ള ഭക്ഷ്യവസ്തുക്കൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

മറുപടി: ഗുണനിലവാരമുള്ള അരിയുൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും ഗുണനിലവാരമില്ലാത്ത ഭക്ഷ്യധാന്യങ്ങളുടെ വിതരണം തടയുന്നതിനും പൊതുവിതരണ ശൃംഖല വഴി വിതരണം ചെയ്യുന്ന അരിയുൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ സംഭരണത്തിലും വിതരണത്തിലും നിശ്ചിത ഗുണനിലവാര മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നുണ്ട്.

ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കുന്നതിന് മുൻപായി സിവിൽ സപ്ലൈസ് വകുപ്പും ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ക്വാളിറ്റി വിഭാഗവും സപ്ലൈകോ ക്വാളിറ്റി വിഭാഗവും ചേർന്ന് സംയുക്ത പരിശോധന നടത്തി ഗുണനിലവാരം ഉറപ്പാക്കിയാണ് സ്റ്റോക്ക് ഏറ്റെടുത്ത് വരുന്നത്. അരി ഉൾപ്പടെയുള്ള എല്ലാ ഭക്ഷ്യ വസ്തുക്കളും സ്വീകരിക്കുന്നതിനു മുൻപു തന്നെ സപ്ലൈകോ ഗോഡൗണിൽ വച്ച് അതാതു ഡിപ്പോകളിലെ, ഗുണനിലവാര പരിശോധനാ ഉദ്യോഗസ്ഥർ അംഗമായിട്ടുള്ള മൂന്നംഗ 'Quality Assurance Committee' പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. അതോടൊപ്പം തന്നെ എല്ലാ ജില്ലയിലെയും ഗുണനിലവാര പരിശോധനാ ഉദ്യോഗസ്ഥർ മാസം തോറും അതാതു ജില്ലയിലെ സപ്ലൈകോ ഡിപ്പോ /ഔട്ലെറ്റുകളിൽ നിന്ന് ഭക്ഷ്യ സാമ്പിളുകൾ ശേഖരിച്ചു ലാബ് പരിശോധനക്കായും അയക്കുന്നുണ്ട്. ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് പരാതികൾ ഉയരുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മുഖേന പരിശോധന നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നു.

നെല്ല് മില്ലിൽ നിന്ന് റേഷൻ വിതരണത്തിനായി സംഭരിക്കുന്ന കുത്തരി, സപ്ലൈകോ ഗുണനിലവാര വിഭാഗം പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയാണ് കയറ്റിവിടുന്നത്. റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് പരിശോധനകൾ നടത്തുകയും അപാകതകൾ കണ്ടെത്തുന്നപക്ഷം നിലവിലുള്ള ചട്ടങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഉപഭോക്താക്കൾക്ക് ഗുണനിലവാരമില്ലാത്ത സാധനങ്ങൾ ലഭിച്ചാൽ പരാതിപ്പെടാനായി ടോൾ ഫ്രീ നമ്പറുകളും ജില്ലാതല സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

(ബി) സുരക്ഷിതമായ ഭക്ഷണത്തിനുള്ള ജനങ്ങളുടെ അവകാശത്തെ ഹനിച്ചുകൊണ്ട്, പഴയ റേഷൻ അരി സംഭരിച്ച് പുതിയ പേരിലും പാക്കിങ്ങിലും ഉയർന്ന വിലയ്ക്ക് വിതരണം ചെയ്യുന്ന അരികടത്തിന് ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

മറുപടി: അത്തരത്തിലുള്ള പരാതികൾ ലഭിക്കുന്നപക്ഷം അവ പരിശോധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാറുണ്ട്.

(സി) പഴയ അരിയുടെ സ്വാഭാവിക നിറവും തിളക്കവും മാറ്റാൻ ഭക്ഷ്യയോഗ്യമോ അനുവദനീയമോ അല്ലാത്ത വസ്തുക്കൾ അരിയിൽ ചേർക്കുന്നത് തടയാൻ ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ?

മറുപടി: പഴയ അരിയുടെ സ്വാഭാവിക നിറവും തിളക്കവും മാറ്റാൻ ഭക്ഷ്യയോഗ്യമോ അനുവദനീയമോ അല്ലാത്ത വസ്തുക്കൾ അരിയിൽ ചേർക്കുന്നത് സംബന്ധിച്ച വിഷയം ഭക്ഷ്യസുരക്ഷാ വകുപ്പ് (FSSAI) നേരിട്ടാണ് പരിശോധിച്ചുവരുന്നത്. എങ്കിലും ഉൽസവ സീസണുകളിൽ പൊതുവിതരണ വകുപ്പിൻറെ വിപണി പരിശോധനകളിൽ സിവിൽ സപ്ലൈസ് വകുപ്പിനെ കൂടാതെ ലീഗൽ മെട്രോളജി, പോലീസ്, ഭക്ഷ്യ സുരക്ഷാ എന്നീ വകുപ്പുകളുടെ സംയുക്ത സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ